**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3229** **08-10-2025 - ൽ മറുപടിയ്ക്ക്**

**സി. എം. ടി. യോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിയോജക മണ്ഡലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിംഗ് ടീം (സി. എം. ടി.) പ്രതിമാസം യോഗം ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പൊതുമരാമത്തു വകുപ്പിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്യേശ്യത്തോടു കൂടിയും 01.01.2022 ലെ GO(Rt)No.08/2022 /PWD പ്രകാരം ഒരു ചീഫ് നോഡൽ ഓഫീസറും 2 സ്റ്റേറ്റ് നോഡൽ ഓഫീസർമാരും 140 നോഡൽ ഓഫീസർമാരും ഉൾപ്പെട്ട സ്പെഷ്യൽ മോണിറ്ററിംഗ് ടീം രൂപീകരിച്ചു. ഈ ടീമിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ ഉള്ള ഒരു ചീഫ് നോഡൽ ഓഫീസറും, ചീഫ് എഞ്ചിനീയർ തസ്തികയിൽ ഉള്ള 2 നോഡൽ ഓഫീസർമാരും (south & north region), എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ ഉള്ള 140 നോഡൽ ഓഫീസർമാരും ആണ് ഉള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാർ ഗ്രൂപ്പുകൾ ഉണ്ടാക്കുകയും എല്ലാ മാസവും എം.എൽ.എ മാരുമായി പ്രവൃത്തികളെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പ്രവൃത്തി സംബന്ധിച്ച തടസ്സങ്ങൾ മാറ്റുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC (District Infrastructure Coordination committee) meeting -ൽ പ്രവൃത്തികളുടെ അവലോകനം നടത്തുകയും കൃത്യമായ ഇടവേളകളിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി കൂടി പങ്കെടുത്തു കൊണ്ട് അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | സി. എം. ടി. നോഡൽ ഓഫീസറുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | നിയോജകമണ്ഡലതല പിഡബ്ല്യൂഡി പ്രവർത്തനങ്ങളുടെ നിരീക്ഷണം, നിയോജകമണ്ഡലം തിരിച്ചുള്ള അവലോകന യോഗങ്ങളിൽ പങ്കെടുക്കുക, സംസ്ഥാനതല ഓഫീസുകളിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | ആവശ്യമായ പിന്തുണയെക്കുറിച്ചും പ്രവർത്തന പുരോഗതിയെക്കുറിച്ചും സംസ്ഥാനതല നോഡൽ ഓഫീസർമാർക്ക് റിപ്പോർട്ടുകൾ സമർപ്പിക്കുക, സംസ്ഥാനതല ഓഫീസുകളുമായി ബന്ധപ്പെടുകയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുക എന്നിവ സി.എം.ടി. നോഡൽ ഓഫീസറുടെ ചുമതലകളാണ്. |
| (സി) | സി. എം. ടി. യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ; മണലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ; | (സി) | മണലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിട്സ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ; | (ഡി) | അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**മണലൂർ CMT യുടെ 30/07/2025 ന് 2.30 മണിക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി. ജെസ്സി മോൾ ജോഷ്വ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീ എൻ വി.ആന്റണി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ്ഡിവിഷൻ, ചാവക്കാട്
3. ശ്രീമതി.നീലിമ. എച്ച്.ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്റ്റ് ഡിവിഷൻ, നാട്ടിക
4. ശ്രീമതി. ലിറ്റി ജോർജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, നാട്ടിക
5. ശ്രീമതി. ശാലിനിത കെ, , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ചാവക്കാട്.
6. ശ്രീമതി. ദിവ്യ അനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, വലപ്പാട്
7. ശ്രീമതി സംഗീത സി വി, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്രിഡ്ജസ്, ചാവക്കാട്
8. ശ്രീമതി. റീതി പി.വി അസിസ്റ്റന്റ് എഞ്ചിനീയർ റോഡ്സ് സെക്ഷൻ ചേർപ്പ്
9. ശ്രീമതി. ശാലി സുന്ദരൻ , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി എ ച്ച് സെക്ഷൻ വാടാനപ്പിള്ളി
10. ശ്രീമതി. ജാസ്മിൻ ജഗദീഷ് ഓവർസിയർ ബ്രിഡ്ജസ്, ചാവക്കാട്
11. ശ്രീമതി. ജൂലി സി വർഗീസ് , ഓവർസിയർ റോഡ്സ് സെക്ഷൻ, കുന്നംകുളം .
12. ശ്രീമതി. ജിനി ജോസ് ടി, ഓവർസിയർ, ബിൽഡിംഗ്സ് സെക്ഷൻ ചാവക്കാട്.
13. ശ്രീ. ശ്രീ.ഷിബു .കെ .എസ്, സബ് എൻജിനീയർ (AE incharge).

മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

**കെട്ടിട വിഭാഗം**

ചാവക്കാട് സെക്ഷൻ

- പാവറട്ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം - മേൽ പ്രവൃത്തിയുടെ Deposit ഫണ്ട് ഇന്ന് ക്രെഡിറ്റ് ആയതയായി അറിയാൻ കഴിഞ്ഞെന്നും ആയതിന്റെ രേഖകകൾ ലഭ്യമായാൽ TS നായി സമർപ്പിക്കുമെന്നും ഓവർസിയർ അറിയിച്ചു.
- പാവറട്ടി ബസ് സ്റ്റാൻഡ് & കംഫോർട്ട് സ്റ്റേഷൻ - Architectural drawing ലഭ്യമാക്കുന്നതിന്റെ ഭാഗമായി Architectural wing ഇന്ന് (30.07.2025) site visit നടത്തിയിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.
- PWD യെ നിർവഹണ ഏജൻസിയാക്കി നവകേരള സദസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ Elavally School ഒന്നാം നിലയുടെ നിർമ്മാണം LSGD വിഭാഗത്തിന് കൈമാറിയിട്ടുള്ളതായി MLA യോഗത്തിൽ അറിയിച്ചു.

**നിരത്ത് വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ (ചെയിനേജ് 17/100 - 22/000 ) - കുഴികൾ രൂപപ്പെട്ടത് സംബന്ധിച്ച് MLA ആരാഞ്ഞതിന് മറുപടിയായി രൂപപ്പെട്ട കുഴികളിൽ രണ്ടെണ്ണം കരാറുകാരനെകൊണ്ട് അടപ്പിച്ചിട്ടുള്ളതായും ടി പ്രവർത്തിയുടെ Extension of Time ഫൈനോട് കൂടി ആണ് അനുവദിച്ചതെന്നും ആയതിന്റെ Supplementary agreement execute ചെയ്തെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കൂടാതെ കാനയുടെ ഉൾഭാഗത്ത് വെള്ളം ഒഴുക്കി പോവുന്നതിനു തടസ്സമായി നിൽക്കുന്ന electric post കാനയുടെ സൈഡിലേക്ക് മാറ്റുന്നതിനായി utility shifting estimate KSEB ൽ നിന്നും ഇന്ന് തരാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു.

- പാവറട്ടി സെന്റർ വികസനവുമായി ബന്ധപ്പെട്ട് സെന്റ് തോമസ് മൊണാസ്റ്ററിയുമായി ഉള്ള കേസിൽ,പള്ളി ഭൂമി വിട്ട് തരാമെന്ന് പറഞ്ഞ ഭാഗത്ത് മതിൽ കെട്ടി നൽകുന്നതിനായുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് കത്ത് സമർപ്പിച്ചെങ്കിലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ലായെന്ന് , അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- St. Thomas Monastery യുടെ മുൻഭാഗത്ത് പൈപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച് MLA ചോദിച്ചതിന് മറുപടിയായി ടി ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ ചെയ്ത earthen drain അപകടസാധ്യത ഒഴിവാക്കുന്നതിനായി പൈപ്പ് ഇടേണ്ടതുണ്ടെന്നും റണ്ണിങ് കോൺട്രാക്ട് പ്രവർത്തിയിൽ ഇത് ചെയ്യുന്നതിനായി കരാറുകാരന് നിർദ്ദേശം നല്കിയിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇംപ്രൂവ്മെന്റ്സ് ടു താമരപ്പിള്ളി -ചൊവല്ലൂർപടി റോഡ്- മേൽ പ്രവൃത്തിയുടെ side edge fill ചെയ്യാനുള്ള പ്രവർത്തിയാണ് ബാക്കിയുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- FDR 2024-25 പാലുവായ് പാവറട്ടി റോഡ് ( 0/000 -2/830) - മേൽ പ്രവൃത്തിയുടെ Levels എടുത്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- St. Thomas Monastery യുടെ സ്കൂളിന് മുൻഭാഗത്ത് Zebra line ഇല്ലാത്തത് സംബന്ധിച്ച് MLA ആരാഞ്ഞതിന് മറുപടിയായി നിലവിൽ ഉണ്ടായിരുന്ന പ്രവർത്തിയിൽ സ്കൂളിന് മുൻഭാഗത്ത് Zebra line വരക്കുന്നതിനുള്ള provision ഉൾപെട്ടിട്ടിലായിരുന്നെന്നും പരാതി ലഭിച്ച സാഹചര്യത്തിൽ Traffic safety പ്രവർത്തിയിൽ ഉൾപ്പെടുത്തി Zebra line വരക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## വലപ്പാട് സെക്ഷൻ

- ബി എം & ബി സി സർഫേസിങ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 7/000 -14/600 - മേൽ പ്രവൃത്തിയുടെ ബാക്കിയുള്ള BC വർക്കുകൾ കാലാവസ്ഥ അനുകൂലമാവുന്ന മുറക്ക് പൂർത്തിയാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. .
- ബഡ്ജറ്റ് വർക്ക് തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 14/600-17/100 - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSoR 2021 പ്രകാരം റിവൈസ് ചെയ്ത് സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇപ്രൂവ്മെന്റ്സ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് നിയർ ഏനമാവ് ചർച്ച് – എം . എൽ .എ ഫണ്ടിൽ നിന്ന് contingency charge അടക്കുന്നതിനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് 01/02/2025 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ മുല്ലശ്ശേരി Culvert ന്റെ പ്രവർത്തി tender ചെയ്തെങ്കിലും ആരും എടുത്തില്ല എന്നും culvert മുഴുവനായി പൊളിച്ച് പണിയേണ്ടതുണ്ടെന്നും ടി അവസരത്തിൽ റോഡിലൂടെയുള്ള ഗതാഗതം പൂർണമായും നിയന്ത്രിക്കേണ്ടി വരുമെന്നും ആയത് ചർച്ച ചെയ്യാൻ മുല്ലശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ന്റെ അദ്ധ്യക്ഷതയിൽ ട്രാഫിക് കമ്മിറ്റി യോഗം ചേർന്നിരുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ടി വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. MLA യുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർക്കണമെന്ന് CMT യോഗം നിർദ്ദേശിച്ചു
- റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് കൾവെർട്ട് - തൃശ്ശൂർ വാടാനപ്പള്ളി റോഡ് ch.10/115 - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSoR 2021 പ്രകാരം റിവൈസ് ചെയ്യുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**കുന്നംകുളം സെക്ഷൻ**

- ചൂണ്ടൽ ആളൂർ റോഡിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (ch.2/670) - മേൽപ്രവൃത്തി പൂർത്തീകരിച്ചെന്നും ബാക്കി ഫണ്ട് ഉപയോഗിച്ച് Drain wall ചെയ്യുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും ഓവർസിയർ അറിയിച്ചു.

**ചേർപ്പ് സെക്ഷൻ**

- പുള്ള് പാടം റോഡ് ഉയർത്തുന്നത് സംബന്ധിച്ച് - KHRI (Kerala Highway Research Institute) ക്ക കത്ത് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ KHRI അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ Site visit നടത്തിയെന്നും ആയതിന്റെ റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**പാലങ്ങൾ വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മനക്കടവ് പാലത്തിന്റെ GAD ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുന്നതിനായിയുള്ള കത്ത് ബ്രിഡ്ജസ് ചീഫ് എൻജിനീയറുടെ കാര്യാലയത്തിലേക്ക് നൽകിയിട്ടുണ്ടെന്നും ആയത് ഇനി ഡിസൈൻ വിഭാഗത്തിലേക്ക് കൈമാറേണ്ടതുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- മുട്ടുകായൽ പാലത്തിന്റെ alignment ന് Approval കിട്ടിയെന്നും ഇനി ഡിസൈൻ ലഭ്യമാകേണ്ടതുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പെരുമ്പുഴ-1 പാലത്തിന്റെ ഡിസൈൻ അടുത്തമാസം ആദ്യത്തെ ആഴ്ച തന്നെ തരാമെന്ന് ഡിസൈൻ വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**തൃശ്ശൂർ സെക്ഷൻ**

- കേച്ചേരി ബ്രിഡ്ജ് II- Demarcating boundaries - LA Investigation പ്രവർത്തിക്കായുള്ള tender ഓപ്പൺ ചെയ്തെന്നും Above sanction approval ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**റോഡ് പരിപാലന വിഭാഗം**

- One year running contract for various PWD roads under road sections Chavakkad എന്ന പ്രവൃത്തിയുടെ LoA issue ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

യോഗനടപടികൾ 4 PM മണിയോടുകൂടി അവസാനിച്ചു.

നോഡൽ ഓഫീസർ, മണലൂർ നിയോജകമണ്ഡലം
&
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എൻ.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ

മണലൂർ CMT യുടെ 16/06/2025 ന് 2.30 മണിക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

പങ്കെടുത്തവർ

1. ശ്രീമതി. ജെസ്സി മോൾ ജോഷ്വ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീ. രാകേഷ് സി എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് ഡിവിഷൻ തൃശ്ശൂർ
3. ശ്രീ എൻ വി.ആന്റണി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ്ഡിവിഷൻ, ചാവക്കാട്
4. ശ്രീമതി. ബീന സി ആർ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബിൽഡിംഗ്സ് സബ്ഡിവിഷൻ തൃശ്ശൂർ
5. ശ്രീമതി. ബബിത എം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ് മെയിന്റനൻസ് സബ് ഡിവിഷൻ, തൃശ്ശൂർ
6. ശ്രീമതി.നീലിമ. എച്ച്.ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
7. ശ്രീമതി. ലിറ്റി ജോർജ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, നാട്ടിക
8. ശ്രീമതി. ശാലിനിത കെ, , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ചാവക്കാട്.
9. ശ്രീമതി. ദിവ്യ അനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, വലപ്പാട്
10. ശ്രീമതി. ഷീന. പി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് മെയിന്റനൻസ് സബ് ഡിവിഷൻ, തൃശ്ശൂർ
11. ശ്രീമതി. റീതി പി.വി അസിസ്റ്റന്റ് എഞ്ചിനീയർ റോഡ്സ് സെക്ഷൻ ചേർപ്പ്
12. ശ്രീമതി. മൈഥിലി ഐ എസ്സ് അസിസ്റ്റന്റ് എഞ്ചിനീയർ കെ.ആർ.എഫ്.ബി
13. ശ്രീമതി. സന്ധ്യ കെ പി , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, ഗുരുവായൂർ
14. ശ്രീമതി. ശാലി സുന്ദരൻ , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പി എ ച്ച് സെക്ഷൻ വാടാനപ്പിള്ളി
15. ശ്രീമതി. ജാസ്മിൻ ജഗദീഷ് ഓവർസിയർ ബ്രിഡ്ജസ്, ചാവക്കാട്
16. ശ്രീമതി. ജൂലി സി വർഗീസ് , ഓവർസിയർ റോഡ്സ് സെക്ഷൻ, കുന്നംകുളം
17. ശ്രീ. സുരേഷ് കെ വി , ഓവർസിയർ, ബിൽഡിംഗ്സ് സെക്ഷൻ ചാവക്കാട്
18. ശ്രീമതി. നിവിയ വിൻസെന്റ് ഓവർസിയർ ബ്രിഡ്ജസ്, തൃശ്ശൂർ
19. ശ്രീമതി. ലതി പ്രസിഡന്റ് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

**കെട്ടിട വിഭാഗം**

ചാവക്കാട് സെക്ഷൻ

- പാവറട്ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തി 29/04/2025 ന് AS ന വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കളക്ടറേറ്റിലേക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് ഓവർസിയർ അറിയിച്ചു.
- പാവറട്ടി ബസ് സ്റ്റാൻഡ് & കംഫോർട്ട് സ്റ്റേഷൻ - മേൽ പ്രവൃത്തിയുടെ Architectural drawing ലഭിക്കുന്നതിന വേണ്ടി 06/06/2025 ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ആവശ്യമായ ഡോക്യുമെന്റ്സ് Architectural വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.

അയ്യന്തോൾ സെക്ഷൻ

- Hi-tech classroom @ school - മേൽ പ്രവൃത്തിയുടെ ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

**നിരത്ത് വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ (ചെയിനേജ് 17/100 - 22/000 ) - മേൽ പ്രവൃത്തിയിൽ 400 m BC ചെയ്തിട്ടുണ്ടെന്നും Extension of Time with fine ആണ് recommend ചെയ്തിരിക്കുന്നതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കൂടാതെ കാനയുടെ ഉൾഭാഗത്ത് വെള്ളം ഒഴുക്കി പോവുന്നതിനു തടസ്സമായി നിൽക്കുന്ന electric post കാനയുടെ സൈഡിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു. എം . എൽ .എ നിർദ്ദേശിച്ചു
- പാവറട്ടി സെന്റർ വികസനവുമായി ബന്ധപ്പെട്ട് സെന്റ് തോമസ് മൊണാസ്ട്രിയുമായി ഉള്ള കേസിൽ,പള്ളി ഭൂമി വിട്ട് തരാമെന്ന് പറഞ്ഞ ഭാഗത്ത് മതിൽ കെട്ടി നൽകുന്നതിനായുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് കത്ത് സമർപ്പിച്ചെങ്കിലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ലായെന്ന് , അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇംപ്രൂവ്മെന്റ്സ് ടു താമരപ്പിള്ളി -ചൊവല്ലൂർപടി റോഡ്- മേൽ പ്രവൃത്തിയുടെ BC വർക്കുകൾ പൂർത്തിയായതായും , Irish drain വർക്കുകൾ പുരോഗമിക്കുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- FDR 2024-25 പാലുവായ് പാവറട്ടി റോഡ് ( 0/000 -2/830) - മേൽ പ്രവൃത്തിയുടെ എഗ്രിമെൻറ് 05/06/2025 തീയതി execute ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**വലപ്പാട് സെക്ഷൻ**

- ബി എം & ബി സി സർഫേസിങ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 7/000 -14/600 - മേൽ പ്രവൃത്തിയുടെ 2.9 km BC വർക്കുകൾ പൂർത്തിയായതായും ബാക്കിയുള്ള BC വർക്കുകൾ കാലാവസ്ഥ അനുകൂലമാവുന്ന മുറക്ക് ചെയ്യുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു..
- ബഡ്ജറ്റ് വർക്ക് തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 14/600-17/100 - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSoR 2021 പ്രകാരം റിവൈസ് ചെയ്യുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇപ്രൂവ്മെന്റ്സ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് നിയർ ഏനമാവ് ചർച്ച് – എം . എൽ .എ ഫണ്ടിൽ നിന്ന് contingency charge അടക്കുന്നതിനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് 01/02/2025 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു .
- റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് കൾവെർട്ട് - തൃശ്ശൂർ വാടാനപ്പള്ളി റോഡ് ch.10/115 - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSoR 2021 പ്രകാരം റിവൈസ് ചെയ്യുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**കുന്നംകുളം സെക്ഷൻ**

- ചൂണ്ടൽ ആളൂർ റോഡിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (ch.2/670) - മേൽ പ്രവൃത്തിയുടെ 95% വർക്കുകളും പൂർത്തിയായതായി ഓവർസിയർ അറിയിച്ചു.

**ചേർപ്പ് സെക്ഷൻ**

- പുള്ള് പാടം റോഡ് ഉയർത്തുന്നത് സംബന്ധിച്ച് - പഴയ കൾവെർട്ട് പൊളിച്ച് പണിയുന്നതിനു വേണ്ടി പുതിയ കൾവെർട്ടിൻറെ cross section drawing KHRI (Kerala Highway Research Institute) ക്കു സമർപ്പിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**പാലങ്ങൾ വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മനക്കടവ് പാലത്തിന്റെ GAD ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുന്നതിനായി കത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.
- മുട്ടുകായൽ പാലത്തിന്റെ alignment അപ്പ്രൂവലിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.
- പെരുമ്പുഴ-1 പാലത്തിന്റെ അലൈൻമെൻറ് നിലവിൽ റോഡിൻറെ ഇടത് ഭാഗത്തുള്ള കുളത്തിനു മുകളിലൂടെ തന്നെ മതിയെന്ന 03/05/2025 ലെ CMT meeting ന്റെ നിർദ്ദേശം ഡിസൈൻ വിങ്ങിനെ അറിയിക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുള്ളതായി ഓവർസിയർ അറിയിച്ചു.
- കടാംത്തോട് പാലത്തിന്റെ എസ്റ്റിമേറ്റ് AS ലഭിക്കുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.

**തൃശ്ശൂർ സെക്ഷൻ**

- കേച്ചേരി ബ്രിഡ്ജ് II -Demarcating boundaries എന്ന പ്രവൃത്തി tendering സ്റ്റേജിലാണെന്ന് ഓവർസിയർ അറിയിച്ചു.

**കെ.ആർ.എഫ്.ബി**

- KIIFB projects - കേച്ചേരി ജംഗ്ഷൻ - ഭൂമിയേറ്റെടുക്കൽ നടപടി സംബന്ധിച്ച് - മേൽ പ്രവൃത്തിക്കു വേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിവരങ്ങൾ നല്കാൻ KIIFB ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**റോഡ് പരിപാലന വിഭാഗം**

- One year running contract for various PWD roads under road sections Chavakkad എന്ന പ്രവൃത്തി ആരംഭിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

യോഗനടപടികൾ 4 മണിയോടുകൂടി അവസാനിച്ചു.

നോഡൽ ഓഫീസർ, മണലൂർ നിയോജകമണ്ഡലം
&
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എൻ.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ

**മണലൂർ CMT യുടെ 03/05/2025 ന് 10.30 മണിക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി. ജെസ്സി മോൾ ജോഷ്വ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീ എൻ വി.ആന്റണി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ്ഡിവിഷൻ, ചാവക്കാട്
3. ശ്രീമതി.നീലിമ. എച്ച്.ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
4. ശ്രീമതി. ശാലിനിത കെ, , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ചാവക്കാട്.
5. ശ്രീമതി. ദിവ്യ അനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, വലപ്പാട്
6. ശ്രീമതി. മഞ്ജുഷ വി , അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, ചാവക്കാട്
7. ശ്രീമതി. ഷീന. പി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് മെയിന്റനൻസ് സബ് ഡിവിഷൻ, തൃശ്ശൂർ
8. ശ്രീമതി. സംഗീത. സി.വി, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്രിഡ്ജസ്, ചാവക്കാട്
9. ശ്രീമതി. റീതി പി.വി അസിസ്റ്റന്റ് എഞ്ചിനീയർ റോഡ്സ് സെക്ഷൻ ചേർപ്പ്
10. ശ്രീമതി. മൈഥിലി ഐ എസ്സ് അസിസ്റ്റന്റ് എഞ്ചിനീയർ കെ.ആർ.എഫ്.ബി
11. ശ്രീമതി. സന്ധ്യ കെ പി , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, ഗുരുവായൂർ
12. ശ്രീമതി. ജൂലി സി വർഗീസ് , ഓവർസിയർ റോഡ്സ് സെക്ഷൻ, കുന്നംകുളം
13. ശ്രീ. സുധീർ, ഓവർസിയർ, കേരള വാട്ടർ അതോറിറ്റി വാടാനപ്പിള്ളി

മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

**കെട്ടിട വിഭാഗം**

ചാവക്കാട് സെക്ഷൻ

- പാവറട്ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തി 29/04/2025 ന് AS ന വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കളക്ടറേറ്റിലേക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**നിരത്ത് വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മാലതി സ്കൂൾ മുതൽ അനക്കര വരെയുള്ള റോഡിൻറെ പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് AS ന വേണ്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് 24/2/2025 ൽ കത്ത് സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ (ചെയിനേജ് 17/100 - 22/000 ) - മേൽ പ്രവൃത്തിയിൽ NRMB യുടെ ലഭ്യത കുറവ് കൊണ്ടാണ് വർക്ക് ചെയ്യാൻ വൈകുന്നതെന്നും ,മേൽ പ്രവൃത്തി ഈ മാസം പൂർത്തീകരിക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പാവറട്ടി സെന്റർ വികസനവുമായി ബന്ധപ്പെട്ട് സെന്റ് തോമസ് മൊണാസ്ട്രിയുമായി ഉള്ള കേസിൽ,പള്ളി ഭൂമി വിട്ട് തരാമെന്ന് പറഞ്ഞ ഭാഗത്ത് മതിൽ കെട്ടി നൽകുന്നതിനായുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് കത്ത് സമർപ്പിച്ചെങ്കിലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ലായെന്ന് , അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

- ഇംപ്രൂവ്മെന്റ്സ് ടു താമരപ്പിള്ളി -ചൊവല്ലൂർപടി റോഡ്- മേൽ പ്രവൃത്തിയിൽ ബാലൻസ് ചെയ്യാനുള്ള BM ചെയ്യുകയും ഒരാഴ്ചക്കുള്ളിൽ ബി.സി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- Urgent restoration work- പാലുവായ് പാവറട്ടി റോഡ് (2/130 - 2/830 LHS) -മേൽ പ്രവൃത്തി പൂർത്തിയായിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- FDR 2024-25 പാലുവായ് പാവറട്ടി റോഡ് ( 0/000 -2/830) - മേൽ പ്രവൃത്തിയുടെ കരാറുകാരന് selection notice നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

<u>വലപ്പാട് സെക്ഷൻ</u>

- ബി എം & ബി സി സർഫേസിങ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 7/000 -14/600 - മേൽ പ്രവൃത്തിയുടെ 2.9 km BC വർക്കുകൾ പൂർത്തിയായതായും ബാക്കിയുള്ള BC വർക്കുകൾ ഈ ആഴ്ച പൂർത്തിയാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. .
- ബഡ്ജറ്റ് വർക്ക് തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 14/600-17/100 - മേൽ പ്രവൃത്തി ഏട്ടാം തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇപ്രൂവ്മെന്റ്സ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് നിയർ ഏനമാവ് ചർച്ച് – എം . എൽ .എ ഫണ്ടിൽ നിന്ന് contingency charge അടക്കുന്നതിനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് 01/02/2025 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു .
- റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് കൾവെർട്ട് - തൃശ്ശൂർ വാടാനപ്പള്ളി റോഡ് ch.10/115 - മേൽ പ്രവൃത്തി നാല് തവണ ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു
- വാടാനപ്പള്ളി ആത്മാവിന് സമീപം stack ചെയ്തിരിക്കുന്ന പൈപ്പുകൾ ഒരാഴ്ചക്കുള്ളിൽ മാറ്റിയിട്ടില്ലെങ്കിൽ KWA അസിസ്റ്റന്റ് എഞ്ചിനീയർക്ക് എതിരെ പോലീസിൽ പരാതി നൽകാൻ PWD ഉദ്യോഗസ്ഥരോട് എം . എൽ .എ നിർദ്ദേശിച്ചു.
- കാഞ്ഞാണി ഭാഗത്ത് കാന നിർമ്മാണം നടക്കുന്നതിൽ simla യുടെ ഭാഗത്ത് 3 electric post മാറ്റി സ്ഥാപിക്കുന്നതിന് വലിയൊരു തുകയാകുമെന്നും ആയതിനാൽ പോസ്റ്റ് മാറ്റാതെ തന്നെ drain ക്ലീൻ ചെയ്യുകയും ബാക്കി ഭാഗത്ത് drain വർക്ക് ചെയ്യുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- അമല പാങ്ങ് പൂച്ചകുന്ന് വളവ് റോഡ് RC വർക്കിൽ ഉൾപ്പെടുത്തി ചെയ്യാൻ എം . എൽ .എ നിർദ്ദേശിച്ചു.

<u>കുന്നംകുളം സെക്ഷൻ</u>

- ചൂണ്ടൽ ആളൂർ റോഡിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (ch.2/670) - മേൽ പ്രവൃത്തിയുടെ മേജർ വർക്ക് ഈ ആഴ്ച് പൂർത്തീകരിക്കുമെന്നും ബാക്കിയുള്ള വർക്കുകൾ ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും ഓവർസിയർ അറിയിച്ചു.

**ചേർപ്പ് സെക്ഷൻ**

- പുള്ള് പാടം റോഡ് ഉയർത്തുന്നത് സംബന്ധിച്ച് - പഴയ കൾവെർട്ട് പൊളിച്ച് പണിയുന്നതിനു വേണ്ടി പുതിയ കൾവെർട്ടിൻറെ cross section drawing 29/3/2025 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചുവെന്നും നിലവിൽ drawing ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**പാലങ്ങൾ വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മനക്കടവ് പാലത്തിന്റെ GAD ഡിസൈൻ വിഭാഗത്തിൽ നിന്ന് ലഭിക്കുന്നതിനായി കത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെന്ന് AE അറിയിച്ചു.
- മുട്ടുകായൽ പാലത്തിന്റെ alignment അപ്പ്രൂവലിനു വേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പെരുമ്പുഴ-1 പാലത്തിന്റെ അലൈൻമെൻറ് നിലവിൽ റോഡിൻറെ ഇടത് ഭാഗത്തുള്ള കുളത്തിനു മുകളിലൂടെയാണ് പോകുന്നത് ,ആയതിന്റെ സാധ്യത പരിശോധിക്കുവാൻ ഡിസൈൻ വിഭാഗം 02/05/2025 ന് സ്ഥലം സന്ദർശിച്ചിരുന്നു .പാലത്തിന്റെ അപ്പ്രോച്ച് കുളത്തിനു മുകളിലൂടെ വരുന്നതിനാൽ ഈ ഭാഗം പാലമായി തന്നെ പണിയേണ്ടി വരും ആയത് നിർമ്മാണ ചെലവ് ഇരട്ടിയാക്കും. ആയതിനാൽ പാലത്തിന്റെ അലൈൻമെൻറ് വലത് ഭാഗത്തേക്ക് മാറ്റുന്നതിന്റെ സാധ്യത ഡിസൈൻ വിങ് ആരാഞ്ഞു .എന്നാൽ പാലം വലത് ഭാഗത്തേക്ക് മാറ്റുമ്പോൾ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമെന്നും ആയതിനാൽ നിലവിലുള്ള ഭാഗത്ത് കൂടെ തന്നെ പാലം പ്രൊപ്പോസ് ചെയ്യണമെന്നും എം . എൽ .എ നിർദ്ദേശിച്ചു.

**റോഡ് പരിപാലന വിഭാഗം**

- One year running contract for various PWD roads under road sections Chavakkad എന്ന പ്രവൃത്തിയുടെ LoA issue ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

യോഗനടപടികൾ 12 മണിയോടുകൂടി അവസാനിച്ചു.

നോഡൽ ഓഫീസർ, മണലൂർ നിയോജകമണ്ഡലം
&
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എൻ.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ

**മണലൂർ CMT യുടെ 26/03/2025 ന് 10.30 മണിക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി. ജെസ്സി മോൾ ജോഷ്വ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീ എൻ വി.ആന്റണി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ്ഡിവിഷൻ, ചാവക്കാട്
3. ശ്രീമതി.നീലിമ. എച്ച്.ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
4. ശ്രീമതി. ശാലിനിത കെ, , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ചാവക്കാട്.
5. ശ്രീമതി. ദിവ്യ അനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, വലപ്പാട്
6. ശ്രീമതി. ഷീന. പി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് മെയിന്റനൻസ് സബ് ഡിവിഷൻ, തൃശ്ശൂർ
7. ശ്രീമതി. സംഗീത. സി.വി, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്രിഡ്ജസ്, ചാവക്കാട്
8. ശ്രീമതി. സന്ധ്യ കെ പി , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, ഗുരുവായൂർ
9. ശ്രീമതി. മഞ്ജു എം എസ് ഓവർസിയർ റോഡ്സ് സെക്ഷൻ ചേർപ്പ്
10. ശ്രീമതി. ലിജി കെ.ജെ, ഓവർസിയർ, ബിൽഡിംഗ്സ് സെക്ഷൻ, ചാവക്കാട്
11. ശ്രീമതി. ജൂലി സി വർഗീസ് , ഓവർസിയർ റോഡ്സ് സെക്ഷൻ, കുന്നംകുളം
12. ശ്രീമതി. രംഭ, , ഓവർസിയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ

മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

**കെട്ടിട വിഭാഗം**

ചാവക്കാട് സെക്ഷൻ

- പാവറട്ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 28/01/2025 ന് AS നു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കളക്ടറേറ്റിലേക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് ഓവർസിയർ അറിയിച്ചു.

**നിരത്ത് വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മാലതി സ്കൂൾ മുതൽ അനക്കര വരെയുള്ള റോഡിൻറെ പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് AS നു വേണ്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് 24/2/2025 ൽ കത്ത് സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ (ചെയിനേജ് 17/100 - 22/000 ) - മേൽ പ്രവൃത്തിയിൽ BM വർക്കുകൾ പൂർത്തീകരിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പാവറട്ടി സെന്റർ വികസനവുമായി ബന്ധപ്പെട്ട് സെന്റ് തോമസ് മൊണാസ്ട്രിയുമായി ഉള്ള കേസിൽ,പള്ളി ഭൂമി വിട്ട് തരാമെന്ന് പറഞ്ഞ ഭാഗത്ത് മതിൽ കെട്ടി നൽകുന്നതിനായുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് കത്ത് സമർപ്പിച്ചെങ്കിലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ലായെന്ന് , അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

- ഇംപ്രൂവ്മെന്റ്സ് ടു താമരപ്പിള്ളി -ചൊവല്ലൂർപടി റോഡിൽ ബ്രഹ്മകുളത്ത് കാന നിർമ്മാണം പൂർത്തിയായതായും പാല ബസാറിൽ കൾവെർട്ടിന്റെ top slab 25/03/2025 ന് concreting ചെയ്യുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

## വലപ്പാട് സെക്ഷൻ

- ബി എം & ബി സി സർഫേസിങ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 7/000 -14/600 - മേൽ പ്രവൃത്തിയുടെ 1 km BC വർക്കുകൾ പൂർത്തിയായതായും ബാക്കിയുള്ള BC വർക്കുകൾ ഈ ആഴ്ച പൂർത്തിയാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. .
- ബഡ്ജറ്റ് വർക്ക് തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 14/600-17/100 - മേൽ പ്രവൃത്തി ഏഴ് തവണ ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇപ്രൂവ്മെന്റ്സ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് നിയർ ഏനമാവ് ചർച്ച് – എം . എൽ .എ ഫണ്ടിൽ നിന്ന് contingency charge അടക്കുന്നതിനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് 01/02/2025 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു .
- റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് കൾവെർട്ട് - തൃശ്ശൂർ വാടാനപ്പള്ളി റോഡ് ch.10/115 - മേൽ പ്രവൃത്തി ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുത്തിട്ടില്ലാത്തതു കൊണ്ട് റീ ടെൻഡർ ചെയ്തിരിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു
- വാടാനപ്പിള്ളി ആത്മാവിന് സമീപം കാനയുടെ സ്ലാബും സൈഡ് wall ളും ഇടിഞ്ഞിട്ടുണ്ട്.ആയതിനു മുകളിൽ stack ചെയ്തിരിക്കുന്ന പൈപ്പ് മാറ്റി ഇടുവാൻ KWA ക്കു കത്ത് നൽകിയെങ്കിലും ഇതുവരെ നടപടികൾ ഒന്നും എടുത്തിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു .പൈപ്പ് മാറ്റിയിട്ടില്ലെങ്കിൽ പോലീസിൽ പരാതി നൽകുമെന്ന് കാണിച്ച് KWA ക്കു കത്ത് നൽകുവാൻ എം . എൽ .എ നിർദ്ദേശിച്ചു.
- കാഞ്ഞാണി ഭാഗത്ത് കാന നിർമ്മാണം നടക്കുന്നതിൽ simla യുടെ ഭാഗത്ത് 5 electric post മാറ്റാൻ കെ.എസ്.ഇ.ബി ക്കു കത്ത് നൽകിയിരുന്നെങ്കിലും അതിൽ 2 എണ്ണം മാത്രമേ മാറ്റി സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളൂ .ആയതിനാൽ ബാക്കി ഉള്ളത് കൂടി മാറ്റുവാൻ കെ.എസ്.ഇ.ബിയിൽ നിന്ന് അനുമതി ലഭ്യമാക്കണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ MLA യോട് അറിയിച്ചു.

## കുന്നംകുളം സെക്ഷൻ

- ചൂണ്ടൽ ആളൂർ റോഡിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (ch.2/670) - മേൽ പ്രവൃത്തി നിലവിൽ കരാറുകാരൻ നിർത്തി വച്ചിരിക്കുകയാണെന്ന് ഓവർസിയർ അറിയിച്ചു.എന്നാൽ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് MLA നിർദ്ദേശിച്ചു.

**ചേർപ്പ് സെക്ഷൻ**

- പുള്ള് പാടം റോഡ് ഉയർത്തുന്നത് സംബന്ധിച്ച് - പഴയ കൾവെർട്ട് പൊളിച്ച് പണിയുന്നതിനു വേണ്ടി പുതിയ കൾവെർട്ടിൻറെ cross section drawing ഈ ആഴ്ച്ച Assistant Executive Engineer ക്ക് സമർപ്പിക്കുമെന്ന് ഓവർസിയർ അറിയിച്ചു

**പാലങ്ങൾ വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മനക്കടവ് പാലത്തിന്റെ GAD ഡിസൈൻ വിങ് തിരുവനന്തപുരത്തിൽ നിന്നും ലഭിച്ചതിനു ശേഷം എസ്റ്റിമേറ്റ് സമർപ്പിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- മുട്ടുകായൽ പാലത്തിന്റെ വീതി ഫിക്സ് ചെയ്യുന്നതിനു വേണ്ടി വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തുമായി മീറ്റിംഗ് നടത്തി 5.5 m carriageway യും one side foot path ഉമായി alignment തയ്യാറാക്കുന്നതിന് തീരുമാനമെടുത്തുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പെരുംമ്പുഴ-1 ന്റെ അലൈന്മെന്റിൽ കുളത്തിനു മുകളിലൂടെ പാലം നിർമ്മിക്കേണ്ടി വരുന്നതിനാൽ സ്ഥലപരിശോധന നടത്തുന്നതിനു വേണ്ടി design വിഭാഗം ഇതുവരെ വന്നിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**റോഡ് പരിപാലന വിഭാഗം**

- One year running contract for various PWD roads under road sections Chavakkad എന്ന പ്രവൃത്തി above quoted ആയതു കാരണം negotiation നു വേണ്ടി കരാറുകാരനു നല്കിയിരിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

യോഗനടപടികൾ 12 മണിയോട്ടുകൂടി അവസാനിച്ചു.

നോഡൽ ഓഫീസർ, മണലൂർ നിയോജകമണ്ഡലം
&
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എൻ.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ

**മണലൂർ CMT യുടെ 24/02/2025 11 മണിക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീമതി. ജെസ്സി മോൾ ജോഷ്വ , എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീ എൻ വി.ആന്റണി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് സബ്ഡിവിഷൻ, ചാവക്കാട്
3. ശ്രീമതി.നീലിമ. എച്ച്.ജെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
4. ശ്രീമതി. മഞ്ജുഷ. വി , അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, ചാവക്കാട്
5. ശ്രീമതി. ശാലിനിത കെ, , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ചാവക്കാട്. .
6. ശ്രീമതി. ദിവ്യ അനന്ദൻ , അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, വലപ്പാട്
7. ശ്രീമതി. സ്മിജ, അസിസ്റ്റന്റ് എഞ്ചിനീയർ റോഡ്സ് സെക്ഷൻ, കുന്നംകുളം
8. ശ്രീമതി. ഷീന. പി. കെ, അസിസ്റ്റന്റ് എഞ്ചിനീയർ റോഡ് മെയിന്റനൻസ് സബ് ഡിവിഷൻ, തൃശ്ശൂർ
9. ശ്രീമതി. സംഗീത. സി.വി, അസിസ്റ്റന്റ് എഞ്ചിനീയർ, ബ്രിഡ്ജസ്, ചാവക്കാട്
10. ശ്രീമതി. ചാന്ദ്നി, , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
11. ശ്രീമതി. ഷിനി പി വി, , അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ, നാട്ടിക
12. ശ്രീമതി. മഞ്ജു എം എസ് ഓവർസിയർ റോഡ്സ് സെക്ഷൻ ചേർപ്പ്
13. ശ്രീമതി നിവിയ ഓവർസിയർ ബ്രിഡ്ജസ്, തൃശ്ശൂർ
14. ശ്രീ .ജോർജ് മാത്യു HC മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
15. ശ്രീ . കെ എസ് സൂരജ് ഇൻ ചാർജ് ഓഫ് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

മണലൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി.

**കെട്ടിട വിഭാഗം**

ചാവക്കാട് സെക്ഷൻ

- പാവറട്ടി വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം - മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് AS നു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കളക്ടറേറ്റിലേക്ക് 28/01/2025 ന് സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

അയ്യന്തോൾ സെക്ഷൻ

- HI-tech classroom @ അരിമ്പൂർ school - മേൽ പ്രവൃത്തിയുടെ എഗ്രിമെൻറ് 14/02/2025 ൽ എക്സിക്യൂട്ട് ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**നിരത്ത് വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- മറ്റം ചേലൂർ ~~പെരുവല്ലൂർ~~ വാക റോഡ് എന്ന പ്രവൃത്തി പൂർത്തിയായതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- മാലതി സ്കൂൾ മുതൽ അനക്കര വരെയുള്ള റോഡിൻറെ പുനരുദ്ധാരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് AS നു വേണ്ടി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ scrutinyയിൽ ആണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

- തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ (ചെയിനേജ് 17/100 - 22/000 ) - മേൽ പ്രവൃത്തിയിൽ BM വർക്കുകൾ ഈ ആഴ്ച തുടങ്ങുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പാവറട്ടി സെന്റർ വികസനവുമായി ബന്ധപ്പെട്ട് സെന്റ് തോമസ് മൊണാസ്ട്രിയുമായി ഉള്ള കേസിൽ,പള്ളി ഭൂമി വിട്ട് തരാമെന്ന് പറഞ്ഞ ഭാഗത്ത് മതിൽ കെട്ടി നൽകുന്നതിനായുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഗവൺമെന്റിലേക്ക് കത്ത് സമർപ്പിച്ചെങ്കിലും ആയതിനു ഇതുവരെ അനുമതി ലഭിച്ചിട്ടില്ലായെന്ന് , അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇംപ്രൂവ്മെന്റ്സ് ടു താമരപ്പിള്ളി -ചൊവല്ലൂർപടി റോഡിൽ ബ്രഹ്മകുളത്ത് കാന നിർമ്മാണം പുരോഗമിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**വലപ്പാട് സെക്ഷൻ**

- ബി എം & ബി സി സർഫേസിങ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 7/000 -14/600 - മേൽ പ്രവൃത്തിയുടെ BC വർക്കുകൾ ഈ ആഴ്ച തുടങ്ങുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ബഡ്ജറ്റ് വർക്ക് തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് 14/600-17/100 - മേൽ പ്രവൃത്തി അഞ്ച് തവണ ടെൻഡർ ചെയ്തിട്ടും ആരും quote ചെയ്തിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- ഇപ്രൂവ്മെന്റ്സ് ടു തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡ് നിയർ ഏനമാവ് ചർച്ച് – എം . എൽ .എ ഫണ്ടിൽ നിന്ന് contingency charge അടക്കുന്നതിനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു .
- റീ കൺസ്ട്രക്ഷൻ ഓഫ് ഡാമേജ്ഡ് കൾവെർട്ട് - തൃശ്ശൂർ വാടാനപ്പള്ളി റോഡ് ch.10/115 - മേൽ പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**കുന്നംകുളം സെക്ഷൻ**

- ചൂണ്ടൽ ആളൂർ റോഡിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (ch.2/670) - മേൽ പ്രവൃത്തി പുരോഗതിയിലാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**ചേർപ്പ് സെക്ഷൻ**

- പുള്ള് പാടം റോഡ് ഉയർത്തുന്നതിനു വേണ്ടി geotechnical investigation ചെയ്യാൻ ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഓവർസിയർ അറിയിച്ചു.

**പാലങ്ങൾ വിഭാഗം**

**ചാവക്കാട് സെക്ഷൻ**

- കണ്ടശാം കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് ഡെഫർ ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- മനക്കടവ് പാലത്തിന്റെ GAD ലഭിക്കുന്നതിനു വേണ്ടി കത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു സമർപ്പിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

- മുട്ടുകായൽ പാലത്തിന്റെ വീതി ഫിക്സ് ചെയ്യുന്നതിനു വേണ്ടി വാടാനപ്പിള്ളി ഗ്രാമ പഞ്ചായത്തുമായി മീറ്റിംഗ് നടത്തണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.
- പെരുംമ്പുഴ-1 ന്റെ അലൈന്മെന്റിൽ കുളത്തിനു മുകളിലൂടെ പാലം നിർമ്മിക്കേണ്ടി വരുന്നതിനാൽ design വിഭാഗം സ്ഥലപരിശോധന നടത്തുന്നതിനു design വിഭാഗം ഈ ആഴ്ച വരുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു

**റോഡ് പരിപാലന വിഭാഗം**

- കരുവന്തല അങ്ങാടിത്താഴം റോഡിൽ പാച്ച് വർക്കുകൾ പൂർത്തിയായതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

**കേരള വാട്ടർ അതോറിറ്റി**

- അപ്ഗ്രഡേഷൻ ടു തൃശ്ശൂർ കുറ്റിപ്പുറം റോഡ് എന്ന പ്രവൃത്തിയിൽ KWA യുടെ പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി KSTP യുമായി സൈറ്റ് ഇൻസ്പെക്ഷൻ നടത്തണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

യോഗനടപടികൾ 12 മണിയോടുകൂടി അവസാനിച്ചു.

നോഡൽ ഓഫീസർ, മണലൂർ നിയോജകമണ്ഡലം
&
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എൻ.എച്ച്. ഡിവിഷൻ, മൂവാറ്റുപുഴ

**മണലൂർ CMT യുടെ 31/12/2024 2.30 മണിക്ക് ഓൺ ലൈൻ ആയി ബഹു. മണലൂർ എം . എൽ .എ ശ്രീ. മുരളി പെരുനല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്**

**പങ്കെടുത്തവർ**

1. ശ്രീ. രാകേഷ് സി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ.
2. ശ്രീമതി. അനില ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം, മൂവാറ്റുപുഴ
3. ശ്രീമതി. ശാലിനിത കെ, അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, അയ്യന്തോൾ, തൃശ്ശൂർ
4. ശ്രീമതി. മഞ്ജുഷ. വി , അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, ചാവക്കാട്
5. ശ്രീമതി. അജി മോൾ, അസിസ്റ്റന്റ് എഞ്ചിനീയർ, ബിൽഡിംഗ്സ് സെക്ഷൻ, കുന്നംകുളം
